# കല്ലറ പൂക്കുന്നു! തിരികൾ തെളിയുന്നു!

## XI

എവുപ്രാസ്യമ്മയുടെ കബറിടത്തിൽ ആളുകൾ ഓടിക്കൂടുന്നതും തിരികൾ തെളിയിക്കുന്നതും അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി അപേക്ഷ കൾ സാധിക്കുന്നതും തൃശൂർ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന അഭി വന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടെ ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല, എവുപ്രാസ്യമ്മയെപ്പറ്റി എന്തൊക്കെയോ ദൈവിക ചിന്തകൾ ഉണ്ടായി. അമ്മയുടെ ജീവിതകാല പ്രത്യേകതകൾ - അമ്മയുടെ വിശുദ്ധ ജീവിത ശൈലികൾ - ജീവിച്ചിരിക്കുന്ന പുണ്യവതി എന്ന് കുറെ പേരിലെങ്കിലും ഉണ്ടായിരുന്ന വിശ്വാസം - ഇവകൾ ഓരോന്നോരോന്നായി പിതാവിനെ സ്വാധീനിച്ചു. അതിന്റെ ഫലമായി എവുപ്രാസ്യമ്മയുടെ 11-ാം ചരമവാർ ഷിക ദിനത്തിൽ, അതായത് 1963 ആഗസ്റ്റ് 29-ാം തിയ്യതി, ആദ്യത്തെ നാമകരണ ജപം ഔദ്യോഗികമായി തന്നെ പ്രസിദ്ധീകരിച്ചു. അമ്മയെ പറ്റിയുള്ള ഉൾക്കാഴ്ച ഉൽക്കടമായി ഉൾവിളിയായി മാറിയപ്പോൾ ഒരു പടി കൂടി അമ്മക്കുവേണ്ടി പിതാവ് കടന്നു വന്നു. അമ്മയുടെ ജീവിത ത്തിലെ പ്രധാന നാഴികക്കല്ലുകൾ എല്ലാം രേഖപ്പെടുത്തിയ ഒരു മാർ ബിൾ ഫലകം കല്ലറയുടെ മുഖവാരത്തിൽ പതിച്ചുറപ്പിക്കുവാൻ ഉത്ത രവു നല്കി. എവുപ്രാസ്യമ്മയുടെ ജീവചരിത്രം പുസ്തക രൂപത്തിലെ ഴുതി തയ്യാറാക്കി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുമെന്ന് കരുതി, ആയതിന് ഫാ. ഫിലിപ്പ് OCD യെ കണ്ടെത്തി ചുമതല ഏല്പിച്ചു. എവുപ്രാസ്യമ്മയുടെ ജീവിതകാലത്ത് ആത്മപിതാവായി സ്വീകരിച്ചിരുന്ന ജോൺ മേനാച്ചേരി പിതാവിന്, എവുപ്രാസ്യമ്മ എഴുതി അയച്ചിരുന്ന കത്തുകളുടെ കെട്ട് ആ ആത്മപി താവ് നശിപ്പിച്ച് കളയാതെ സൂക്ഷിച്ചിരുന്നു. തികച്ചും ദാർശനിക കാഴ്ച പ്പാടോടു കൂടിയെന്ന് പറയാം 'ആ കത്തുകളുടെ കെട്ട്' ആലപ്പാട്ട് തിരു മേനിക്കും കൈമാറി കിട്ടിയിരുന്നു. പുസ്തക രചനക്ക് ഈ കത്തുകൾ ഉപകരിരിക്കുമെന്നു മനസ്സിലാക്കിയ പിതാവ് ഗ്രന്ഥരചനക്ക് ചുമതല ഏല്പിച്ച ഫിലിപ്പച്ചന് നൽകുകയും ചെയ്തു. എവുപ്രാസ്യമ്മയുടെ ജീവിതവും വീക്ഷണവും കേന്ദ്രീകരിച്ചെഴുതപ്പെട്ട പല പുസ്തകങ്ങളി ലും വച്ച് ഏറ്റവും ആദ്യത്തേതായിരുന്നു ഫിലിപ്പച്ചന്റെ *കേരള കർമ്മല*

*കുസുമം* എന്ന കൃതി. ഗ്രന്ഥ രചന കഴിഞ്ഞ്, അഭിവന്ദ്യനായ ആല പ്പാട്ട് തിരുമേനി, നിരീക്ഷണങ്ങൾക്കും പരിശോധനകൾക്കുമായി തന്നെ ഏല്പിച്ചിരുന്ന എവുപ്രാസ്യമ്മയുടെ 'കത്തുകളുടെ കെട്ട്' ഫിലിപ്പച്ചൻ, ആലപ്പാട്ടു പിതാവിന് തിരിച്ചേൽപ്പിച്ചിരുന്നു. 1970 ൽ ആലപ്പാട്ട് പിതാവ് വിരമിക്കുന്നതിന് മുമ്പ് പ്രസ്തുത കത്തുകൾ ഭദ്രമായി സൂക്ഷിക്കുവാൻ പറഞ്ഞ് അന്നത്തെ പ്രോവിൻഷ്യലായിരുന്ന മദർ ബോർജിയായെ ഏല് പിച്ചു. ആ അവസരത്തിൽ, ഒരു പ്രവാചകനെപ്പോലെ പിതാവ് ഇങ്ങനെ പറഞ്ഞു: "ഈ കത്തുകൾ ഇനി നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾക്കിത് ആവശ്യം വരും." ആ പ്രവാചക ശബ്ദം കാലം തെളിയിച്ചു. ആ കത്തു കൾ എവുപ്രാസ്യമ്മയുടെ വിശുദ്ധ പദവിയിലേക്കുള്ള ഗവേഷണ പരി ശോധനകളിൽ ഒരു വിലപ്പെട്ട നിധിയും അച്ചാരവുമായി പരിണമിച്ചു.

ഒല്ലൂർ മഠത്തിൽ സന്യാസിനികൾക്കായി സജ്ജീകരിച്ചിരുന്ന പത്തു ശവല്ലറകളിലും 10 പേർ അന്ത്യവിശ്രമം കൊണ്ടിരുന്നകാലം. ഇനി ഒരാൾ മരണപ്പെട്ടാൽ അടക്കാൻ എവുപ്രാസ്യമ്മയുടെ കല്ലറ തുറ ക്കേണ്ടി വരുമെന്നുള്ളതുകൊണ്ട്, ആരും മരിക്കാതിരിക്കട്ടെ എന്ന് കൂടി മഠത്തിലെ സന്യാസിനികൾ കൂട്ടത്തോടെ ആഗ്രഹിക്കുകയും പ്രാർത്ഥി ക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രിയപ്പെട്ട എവുപ്രാസ്യമ്മയുടെ കല്ലറ തുറക്കേണ്ട ഊഴം വരുമല്ലോ എന്ന് കരുതിയാണ് ആർക്കും മരണമി ല്ലാത്ത അവസ്ഥ തരണമേയെന്ന് ആഗ്രഹിക്കുവാൻ അവരെ പ്രേരിപ്പി ച്ചത്. നിത്യരക്ഷയിലേക്കുള്ള മരണ കവാടം ആർക്കുനേരെയും അടച്ചി ടുകയില്ലല്ലോ. ജീവന്റെ ഉടയവൻ മരണത്തിന്റെയും ഉടയവനാണല്ലോ. ഉടയവന്റെ നിത്യകിരീടത്തിനുള്ള വിളി അസുഖം കലശലായി കിടന്നി രുന്ന സിസ്റ്റർ മേഴ്സിക്ക് ലഭിച്ചു. സിസ്റ്റർ മേഴ്സിയുടെ മൃതദേഹം സംസ്ക്കരിക്കുന്നതിന് എവുപ്രാസ്യമ്മയുടെ കല്ലറയാണ് ഊഴമനുസ രിച്ച് പൊളിക്കേണ്ടിയിരുന്നത്. ഒന്നുരണ്ടുവട്ടം അധികാരികൾ ആലോചി ച്ചു. തീരുമാനത്തിനായി പിതാവിന്റെ പക്കൽ എത്തി. എവുപ്രാസ്യമ്മ യെപ്പറ്റി വ്യക്തമായ ബോദ്ധ്യങ്ങളും ദർശനവും ഉണ്ടായിരുന്ന പിതാവ് ഈ ആലോചനാ കാര്യത്തിൽ പൊട്ടിത്തെറിക്കുകയാണുണ്ടായത്: "എന്ത് വിഡ്ഢിത്തമാണ് നിങ്ങൾ പറയുന്നത്? എവുപ്രാസ്യമ്മയുടെ കല്ലറ പൊളിക്കുകയോ? മരിച്ചയാളെ അടുത്തുള്ള മഠത്തിലടക്കാം. എവുപ്രാസ്യ മ്മയുടെ കല്ലറയിൽ ഇനി ആരേയും അടക്കരുത്". അതൊരു കല്പനയാ യിരുന്നു. സിസ്റ്റർ മേഴ്സിയുടെ മൃതശരീരം ഒല്ലൂർ തന്നെയുള്ള ഫാറ്റിമ കോൺവെന്റിലാണ് അടക്കിയത്. എവുപ്രാസ്യമ്മയുടെ കല്ലറ ഒരു വിശുദ്ധ സ്മാരകമായി മാറിക്കൊണ്ടിരിക്കുകയായിരുന്നു. പിതാവിന്റെ

പ്രതികരണം ഒരു പ്രവാചകദർശനത്തിന്റെ പ്രതിഫലനമായിരുന്നു വെന്ന് വേണം കരുതുവാൻ. മരണശേഷവും തന്റെ ഇഷ്ടപുത്രിയെ ദൈവം എത്ര സൂക്ഷ്മതയോടും കരുതലോടും കൂടിയാണ് കൊണ്ടുനടന്നത്.

എവുപ്രാസ്യമ്മയുടേതായ അത്ഭുതങ്ങളും അടയാളങ്ങളും ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആ പുണ്യപുത്രിയുടെ പരിശുദ്ധിയുടെ പരിമളം ഒല്ലൂരെന്നല്ല, നാടിന്റെ നാനാഭാഗത്തും പരന്നു. എന്നിട്ടും നാമകരണ നടപടികൾ ആരംഭിച്ചിരുന്നില്ല. ആയിടക്കാണ് ഇപ്പോൾ എവുപ്രാസ്യമ്മയുടെ വൈസ് പോസ്റ്റുലേറ്ററായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട ഡോ. സിസ്റ്റർ ക്ലിയോപാട്ര, തൃശ്ശൂർ പ്രവിശ്യയുടെ പ്രൊവിൻഷ്യലാകുന്നത്. അതൊരു ദൈവനിയോഗവും നിമിത്തവുമായിരുന്നു.

# നാമകരണനടപടികൾ

## XII

**പു**തിയ പ്രൊവിൻഷ്യൽ എന്ന നിലയിൽ മദർ ക്ലിയോപാട്ര ഒരു ദിവസം ഒല്ലൂർ മഠം സന്ദർശിക്കുവാനെത്തി. ആ ദിവസങ്ങളിൽ സിസ്റ്റേഴ്സിന്റെ വാർഷികധ്യാനം ആരംഭിക്കുകയായിരുന്നു. ആരംഭത്തിൽ ആമുഖമായി ഒരു ഉപദേശം നല്കുന്നതിനിടയിൽ ക്ലിയോപാട്രമ്മ ഇപ്രകാരം പറഞ്ഞു. "നിങ്ങൾ ഇപ്പോൾ ആയിരിക്കുന്ന സ്ഥലം എവുപ്രാസ്യമ്മ എന്ന പുണ്യം ചെയ്ത കന്യാസ്ത്രി ജീവിക്കുകയും ചരിക്കുകയും മരിക്കുകയും ചെയ്ത ഇടമാണ്. ആ കല്ലറയിൽ പോയി നിങ്ങൾ പ്രാർത്ഥിക്കേണ്ടതാണ്." അപ്രകാരം എവുപ്രാസ്യമ്മയെ പരാമർശിച്ച് സംസാരിച്ചത് ശക്തിയായ ഉൾപ്രേരണ കൊണ്ടാണെന്ന് ക്ലിയോപാട്രമ്മ അഭിപ്രായപ്പെടുന്നു. മഠത്തിലെ സന്ദർശനം കഴിഞ്ഞ് തിരിച്ചുപോരുമ്പോൾ വന്ദ്യയായ യുക്രിസ്റ്റമ്മ ഓടി വന്ന് കയ്യിൽ കയറി പിടിച്ചിട്ട് പറഞ്ഞ പ്രത്യേക കാര്യം ക്ലിയോപാട്രമ്മ ഇന്നും ഓർക്കുന്നു. അത് ഇപ്രകാരമാണ്. "എവുപ്രാസ്യമ്മയുടെ കാര്യത്തിനുവേണ്ടി നീ എന്തെങ്കിലും ചെയ്യണം". വന്ദ്യവയോധികയായ യൂക്രിസ്റ്റമ്മയുടെ വാക്കുകൾ, ക്ലിയോപാട്രമ്മയെ വളരെയധികം സ്വാധീനിച്ചുവെന്നു വേണം പറയുവാൻ. എവുപ്രാസ്യമ്മയുടെ നാമകരണ നടപടികൾക്ക് തുടക്കം കുറിക്കുവാൻ തനിക്ക് എന്തു ചെയ്യുവാൻ കഴിയും? ഈ ചോദ്യം ക്ലിയോപാട്രമ്മ തന്നോട് തന്നെ ചോദിക്കുകയായിരുന്നു. ഉത്തരം ലഭിക്കുവാൻ ഏറെ ചിന്തകൾക്കും ധ്യാനത്തിനും സ്വയം വിധേയയായി. രണ്ടു കാര്യങ്ങൾ തന്റെ ചിന്തയിലും ധ്യാനത്തിലും ഉരുത്തിരിഞ്ഞ് കിട്ടിയതായി ക്ലിയോപാട്രമ്മക്ക് ബോധ്യം വന്നു. രണ്ടു കാര്യങ്ങളും ഒരു അടയാളമായി സാധിപ്പിച്ചു കിട്ടിയാൽ ആയത് ദൈവഹിതമാണെന്ന് കണക്കാക്കാമെന്നും ക്ലിയോപാട്രമ്മ ഏറ്റുപറഞ്ഞു. ഉടനെത്തന്നെ തിരുസക്രാരിയുടെ മുമ്പിൽ ചെന്ന് ദിവ്യകാരുണ്യനാഥനോട് തന്റെ സ്നേഹവും സ്വാതന്ത്ര്യവും ഉപയോഗിച്ച്, ഉടമ്പടി ചെയ്തു. ആ രണ്ടു കാര്യങ്ങൾ ഇവയായിരുന്നു. 1. മാനസിക വിഭ്രാന്തി കാണിച്ച് ചികിത്സയിൽ കഴിയുന്ന ഒരു സിസ്റ്ററുണ്ട്; ആ സിസ്റ്ററിനെ സുഖപ്പെടുത്തണം. 2. യൂക്രിസ്റ്റമ്മ തന്നോട് ആവശ്യപ്പെട്ട പ്രകാരം എവുപ്രാസ്യമ്മയെ കുറിച്ചൊരു പുസ്തകം എഴുതി

ഒരുക്കുന്നതിന് ഒരു എഴുത്തുകാരനെ ലഭിക്കണം. രണ്ടു കാര്യങ്ങളും പെട്ടെന്ന് സാധിച്ചു കിട്ടിയത് വലിയൊരു അടയാളമായി സ്വീകരിച്ചു. ഒട്ടും വൈകാതെ എവുപ്രാസ്യമ്മയുടെ നാമകരണ നടപടികൾ ആരംഭിക്കുന്നതിന് അക്ഷീണം പരിശ്രമിക്കുവാൻ തീരുമാനമെടുത്തു. കാര്യങ്ങൾ ദ്രുതഗതിയിൽ നീങ്ങിത്തുടങ്ങി. 1986 സെപ്തംബർ 27-ാം തിയ്യതി പ്രാരംഭ നടപടികൾ ആരംഭിച്ചു. 1987 ജൂൺ മാസം 26-ാം തിയ്യതി സി. എം.സി.യുടെ സുപ്പീരിയർ ജനറലായിരുന്ന മദർ പ്രീമയുടെയും ആഗസ്റ്റ് മാസം 13-ാം തിയ്യതി തൃശ്ശൂർ രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന മാർ ജോസഫ് കുണ്ടുകുളത്തിന്റെയും അംഗീകാരം ലഭിച്ചതാണ് നാമകരണ നടപടികളുടെ ഏറ്റവും വലിയ വഴിത്തിരിവ്. സി. എം. സി. സഭാ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ പോസ്റ്റുലേറ്ററായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കലച്ചനെ എവുപ്രാസ്യമ്മയുടെയും പോസ്റ്റുലേറ്ററായി ലഭിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം അദ്ദേഹത്തെ നേരിട്ട് പോയി അറിയിച്ചപ്പോൾ അദ്ദേഹം വളരെയധികം സന്തോഷത്തോടെ വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കാനും എവുപ്രാസ്യമ്മയെപ്പറ്റി കൂടുതൽ അറിയാനും സമയം കണ്ടെത്തി. ആഗസ്റ്റ് 17-ാം തിയ്യതി ആ വന്ദ്യ വൈദികൻ എവുപ്രാസ്യമ്മയുടെ പോസ്റ്റുലേറ്ററായി നിയമിതനാകുകയും ചെയ്തു.

## ദൈവദാസി പദവിയിലേക്ക്

1987 ആഗസ്റ്റ് 29 ഒരു സുപ്രധാന ദിവസമായിരുന്നു. എവുപ്രാസ്യമ്മയുടെ 35-ാം ചരമവാർഷികാചരണം നടന്നത് അന്നായിരുന്നു. രൂപതാദ്ധ്യക്ഷനായ മാർ കുണ്ടുകുളം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയായിരുന്നു പ്രധാന പരിപാടി. വേറെ അഞ്ചു വൈദികരും ഒത്തുചേർന്നാണ് ബലി അർപ്പിച്ചത്. സ്വർഗ്ഗീയമായ സംഗീതാലപനം കുർബ്ബാനയിൽ ഉടനീളം അകമ്പടിയായിട്ടുണ്ടായിരുന്നു. കുർബ്ബാന മദ്ധ്യേ മുഖ്യ കാർമ്മികന്റെ മുമ്പിൽ ലൂക്കാസ് വിത്തുവട്ടിക്കൽ അച്ചൻ മുട്ടുകുത്തി. എവുപ്രാസ്യമ്മയുടെ പോസ്റ്റുലേറ്റർ ദൗത്യപദവിയും ഔദ്യോഗികമായി ഏറ്റെടുത്തു. നാമകരണ നടപടിയിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു ആ സുദിനത്തിൽ വിത്തുവട്ടിക്കലച്ചൻ ഔദ്യോഗികമായി പോസ്റ്റുലേറ്റർ പദവി ഏറ്റെടുത്തത്. ഈ ദിവസം മുതൽ എവുപ്രാസ്യമ്മ ദൈവദാസി പദിവിയിലേക്ക് ഉയർത്തപ്പെട്ടു. 1987 സെപ്തംബർ 9-ാം തിയ്യതി സിസ്റ്റർ പെരിഗ്രിനെ വൈസ് പോസ്റ്റ്ലേറ്ററായും നിയമിച്ചു. 1988 ജൂൺ ഒന്നാം തിയ്യതി എവുപ്രാസ്യമ്മയുടെ നാമകരണ നടപടികൾക്കായുള്ള അപേക്ഷ, സീറോ മലബാർ ബിഷപ്പ്സ് കോൺഫ്രൻസ് അംഗീകരിച്ചു.

## രൂപതാക്കോടതി സ്ഥാപനം

എവുപ്രാസ്യമ്മയുടെ വിശുദ്ധ പദവിയിലേക്കുള്ള ഔദ്യോഗിക പരിപാടികളുടെ ആക്കം കൂട്ടുന്നതിന് എന്തെങ്കിലുമൊക്കെ സാധിക്കാവുന്ന വേഗതയിൽ ചെയ്യണമെന്നുള്ള തീവ്രമായ ആഗ്രഹം ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന ക്ലിയോപാട്രമ്മ, പോസ്റ്റുലേറ്റർ ബഹുമാനപ്പെട്ട ലൂക്കാസച്ചനുമൊത്ത് രൂപതാദ്ധ്യക്ഷ്യനായ മാർ കുണ്ടുകുളം പിതാവിനെ സന്ദർശിച്ചു. എവുപ്രാസ്യമ്മയെക്കുറിച്ചുള്ള ഗവേഷണ പരിശോധനകൾക്ക് വേണ്ടിയുള്ള രൂപതാക്കോടതി സ്ഥാപനത്തെക്കുറിച്ച് എല്ലാ വശങ്ങളും ചർച്ചക്ക് വിഷയമാക്കി. കോടതി ആരംഭിക്കുവാൻ പിതാവ് സമ്മതം നല്കി. ആയതിനുവേണ്ട ഏല്ലാ ഏർപ്പാടുകളും ചെയ്യുന്നതിന് പ്രതിനിധികളായി ചെന്നവരെ ചുമതലപ്പെടുത്തി. എന്ത് കർമ്മ പരിപാടികളും ഏറ്റെടുത്ത് സംഘടിപ്പിക്കുന്നതിന് ഒല്ലൂരിലെ ദൈവജനം ഏറെ സന്തോഷ പൂർവ്വമുള്ള സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. ഒല്ലൂർ മഹാ ഇടവകയുടെ ഇടയനായിരുന്ന ബഹുമാനപ്പെട്ട ജോസഫ് പുളിക്കനച്ചൻ ഈ മഹാസംരംഭത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും സഹായങ്ങളും ഉറപ്പു തന്നു; നേതൃത്വപരമായ തന്റെ പങ്കാളിത്വവും വാഗ്ദാനം ചെയ്തു. ഒരുക്കങ്ങൾ ദ്രുതഗതിയിൽ ആരംഭിച്ചു.

ആത്മീയാവേശത്തിന്റെ തിരമാലകൾ തിളച്ചു മറിഞ്ഞു. പുത്തൻ ഉണർവ്വ് പകർന്നു രൂപതാ കോടതി സ്ഥാപനവുമായി ബന്ധപ്പെട്ട ത്രിദിന പരിപാടികളുടെ പൊൻപുലരി കിഴക്കുദിച്ചു. 1988 ഒക്ടോബർ മാസത്തിലെ 20 മുതൽ 22 വരെ ദിവസങ്ങൾ വളരെ പ്രാധാന്യമുള്ളവയായിരുന്നു. എവുപ്രാസ്യമ്മയുടെ നാമകരണ പരിപാടികൾ തുടക്കം മുതൽ അവസാനം വരെ തടസ്സങ്ങളൊന്നും കൂടാതെ വിശുദ്ധിയുടെ വെള്ളിവെളിച്ചം വാരി വിതറുന്ന പുണ്യദിനങ്ങളായി മാറുവാൻ സർവ്വശക്തനോട് ഉള്ളുരുകി പ്രാർത്ഥിക്കുന്ന ഒരു പൂർണ്ണ പ്രാർത്ഥനാ ദിനമായിരുന്നു 20-ാം തിയ്യതി. 21-ാം തിയ്യതി എവുപ്രാസ്യമ്മയുടെ വിശുദ്ധവും വീരോചിതവുമായ ജീവിത യാത്രയിലെ പുണ്യസുകൃതങ്ങളെക്കുറിച്ച് ഗവേഷണവും പഠനവും നടത്തുന്നതിനായി ഒല്ലൂരിലെ വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഫൊറോന പള്ളിയിൽ വച്ച് രൂപതാ ട്രൈബൂണൽ (കോടതി) സ്ഥാപനമായിരുന്നു. മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ മുമ്പിൽ ട്രൈബൂണൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തത് അതീവ ഗൗരവമുള്ളതും അതിലേറെ ഭക്തിസാന്ദ്രവും സന്തോഷകരവുമായ ഒരു ഔദ്യോഗിക ചടങ്ങായിരുന്നു. ഫാ. ജോസഫ് വിളങ്ങാ

ടൻ, ഫാ. പോൾ കടിച്ചീനി സിം. എം. ഐ., ഫാ. ആന്റണി അന്തിക്കാട്ട്, ഫാ. ആൻഡ്രൂസ് താഴത്ത്, ഫാ. ജോസഫ് ഇരിമ്പൻ, സിസ്റ്റർ അൽഫോൻസ് ശാന്തി, സി. എം. സി., സിസ്റ്റർ അനിജ സി. എം. സി. എന്നിവരായിരുന്നു സത്യപ്രതിജ്ഞ ചെയ്ത കോടതി അംഗങ്ങൾ. 22-ാം തിയ്യതി വൈകുന്നേരം എവുപ്രാസ്യമ്മയുടെ ജീവിതം അപ്പാടെ ഒപ്പിയെടുത്ത ജീവിതഗന്ധിയായ ഒരു കഥാ തന്തു നാടകമായി ആവിഷ്ക്കരിച്ചിട്ടുള്ളതിന്റെ അരങ്ങേറ്റം നടന്നു. വളരെ മനോഹരവും കലാമൂല്യങ്ങളുള്ളതുമായ നാടകത്തിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നവർ പോസ്റ്റുലൻസും ആസ്പിരൻസുമായിരുന്നു. എവുപ്രാസ്യമ്മയെ ഏറെ തന്മയത്വത്തോടെ വരച്ചവതരിപ്പിക്കുന്നതിൽ അവർ വിജയിക്കുകയും കാണികളുടെ, പ്രത്യേകിച്ച് നാട്ടുകാരുടെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. രൂപതാകോടതിയുടെ സ്ഥാപനം വഴി തീർത്ഥാടകർക്കും നാട്ടുകാർക്കും വലിയൊരു ആശ്വാസവും സന്തോഷവും പകർന്നു കിട്ടി. എവുപ്രാസ്യമ്മയുടെ പൂജ്യമായ മുറി സന്ദർശനത്തിനായി എല്ലാവർക്കുമായി തുറന്നു കിട്ടിയതിലൂടെയാണത്. രൂപതാക്കോടതി സ്ഥാപനം വഴി ഒല്ലരിന്റെ പുണ്യപുത്രിയുടെ പൂജ്യമുറിയിൽ പ്രവേശനം കിട്ടിയതിൽ എല്ലാവരും ആനന്ദിക്കുകയും ആഹ്ളാദിക്കുകയുമുണ്ടായി. ആ മുറിയിൽ പ്രാർത്ഥിക്കുവാൻ ചെല്ലുന്നവർക്ക് റോസപൂമണം അനുഭവപ്പെട്ടു. പുണ്യത്തിന്റെ പരിശുദ്ധ പരിമളം എവുപ്രാസ്യമ്മയിൽ എന്നും ഉണ്ടായിരുന്നു; ജീവിച്ചിരിക്കുമ്പോഴും ഒരു സുഗന്ധവാഹിനിയായിരുന്നു എവുപ്രാസ്യമ്മ. കാലങ്ങൾക്കുശേഷം 2004 ജനുവരി 8-ാം തിയ്യതി പേപ്പൽ ന്യുൺസിയോ ആർച്ച് ബിഷപ്പ് പെദ്രോ ലോപ്പാസ് ക്വിന്റാന എവുപ്രാസ്യമ്മയുടെ ചാപ്പലിനകത്തുള്ള കബറിടം സന്ദർശിക്കുവാൻ വന്ന അവസരത്തിൽ എവുപ്രാസ്യമ്മ കിടന്നു മരിച്ച മുറിയിൽ പ്രാർത്ഥിക്കുമ്പോൾ അദ്ദേഹത്തിന് മുല്ല പൂവിന്റെ നല്ല സൗരഭ്യം ലഭിച്ചതായി അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## ചാപ്പലിൽ തീർത്ത പുതിയ കല്ലറയിലേക്ക്

1990 ജനുവരി 30-ാം തിയ്യതി ട്രൈബ്യൂണലിന്റെ (കോടതി) പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു ദിവസമായിരുന്നു. അന്വേഷണവും ഗവേഷണവുമായി ബന്ധപ്പെട്ട് കല്ലറ തുറക്കുന്ന ദിവസം. കല്ലറ തുറക്കൽ കർമ്മം എല്ലാ അർത്ഥത്തിലും പാവനവും പരിശുദ്ധവുമായിരുന്നു. ആകാംക്ഷ നിറഞ്ഞ അന്തരീക്ഷത്തിൽ മുഖ്യകാർമ്മികനായ തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം നേരത്തെ എത്തി

ച്ചേർന്നു. തൊട്ടുപിന്നാലെ ഇരിങ്ങാലക്കുട ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിലും പാലക്കാട് ബിഷപ്പ് മാർ ജോസഫ് ഇരിമ്പനും എത്തി. അവരെ കൂടാതെ ട്രൈബ്യൂണൽ അംഗങ്ങൾ, സി. എം. സി. സുപ്പീരിയർ ജനറൽ മദർ പ്രീമ, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ക്ലിയോപാട്ര, പ്രൊവിൻഷ്യൽ കൗൺസിലർമാർ, ഒല്ലൂർ ഫൊറോന വികാരി ഫാ. ജോസഫ് പുളിക്കൻ, മഠം കപ്ലോൻ ഫാ. പോൾ മഞ്ഞളി, ഭൗതീകാവശിഷ്ടം സൂക്ഷ്മ പരിശോധനകൾക്കായി ട്രൈബ്യൂണൽ ചുമതലപ്പെടുത്തി നിയോഗിക്കപ്പെട്ട ഡോ. സണ്ണി പഴയാറ്റിൽ, ഡോ. നെൽസൺ ചാണ്ടി, കോൺട്രാക്റ്റർ, ജോലിക്കാർ എന്നിവരെല്ലാം എത്തിയിരുന്നു. കല്ലറയുടെ മുമ്പിൽ വന്ന് എല്ലാവരും തന്നെ ഒരു ചെറിയ പ്രാർത്ഥന നടത്തി. നോട്ടറിയായി ചുമതലപ്പെടുത്തിയിരുന്ന സിസ്റ്റർ ശാന്തി, മഠത്തിന്റെ നാളാഗമത്തിൽ നിന്ന് ദൈവദാസി എവുപ്രാസ്യമ്മയുടെ മരണവിവരത്തിന്റെ ബന്ധപ്പെട്ട പ്രസക്തഭാഗം വായിച്ചു. മഠം സുപ്പീരിയർ സിസ്റ്റർ വ്ളാഡ്മീറിൽ നിന്നും ദൈവദാസിയുടെ മരണത്തിലും സംസ്കാരശുശ്രൂഷയിലും ദൃക്സാക്ഷിയായിരുന്ന സിസ്റ്റർ മേരി പീറ്റർ, സിസ്റ്റർ ലാംബർട്ട് എന്നിവരിൽ നിന്നും കല്ലറയുടെ സാക്ഷ്യശേഖരണം നടത്തി. അതിനുശേഷം കല്ലറ തുറക്കാൻ പിതാവ് മാർ കുണ്ടുകുളം ഔദ്യോഗികമായി കല്പിച്ചു. എല്ലാ കണ്ണുകളും കല്ലറയിലേക്ക്, ജിജ്ഞാസാഭരിതമായി ഉററുനോക്കി നിൽക്കെ, കോൺട്രാക്റ്ററും ജോലിക്കാരും ചേർന്ന് മുൻവശത്തെ സ്ലാബ് പൊളിച്ചുമാറ്റി. രണ്ടു ഡോക്ടേഴ്സും കൂടി ഭൗതീകാവശിഷ്ടം വളരെ കരുതലോടെ പുറത്തെടുത്തു. നോട്ടറിയുടെ ചുമതലക്കാർ അത് കൃത്യമായി രേഖപ്പെടുത്തി. പുണ്യവതിയായി പ്രതിഷ്ഠിക്കുവാൻ പോകുന്ന എവുപ്രാസ്യമ്മയുടെ ശരീരത്തിന്റെ അവശിഷ്ടങ്ങൾ കാണുവാൻ ഭാഗ്യം ലഭിച്ചവർ, നിന്നനിലയിൽത്തന്നെ നിശബ്ദതയിൽ പ്രാർത്ഥിച്ചു, അമ്മയെ എത്രയും വേഗം വിശുദ്ധ പദവിയിലേക്കുയർത്തട്ടെയെന്ന്. പൂജ്യാവശിഷ്ടങ്ങൾ തരം തിരിച്ച് ഗ്ലാസ് ജാറുകളിലേക്ക് മാറ്റി. പിന്നീട് ഭൗതീകാവശിഷ്ടം നിറച്ച ഗ്ലാസ് ജാറുകൾ, തയ്യാറാക്കിയിരുന്ന സ്റ്റീൽ പേടകത്തിലാക്കി. അതിനുശേഷം പിതാവ് സ്റ്റീൽ പേടകം മുദ്ര വച്ചു.

ഔദ്യോഗികമായ ചടങ്ങുകളുടെ ഭാഗമായി കല്ലറ തുറക്കലും സ്റ്റീൽ പേടകം മുദ്രവെക്കലും കഴിഞ്ഞപ്പോഴേക്കും ജനങ്ങൾ ചാപ്പലിലേക്ക് ഒഴുകിയെത്തി. ദൈവദാസിയുടെ രണ്ടാമത്തെ കബറടക്ക ശുശ്രൂഷ ആരംഭിച്ചത് ഉച്ചകഴിഞ്ഞ് 3.30ന് ആയിരുന്നു. രൂപതാദ്ധ്യക്ഷന്റെ കാർമ്മികത്വത്തിൽത്തന്നെ വീണ്ടുമുള്ള സംസ്കാര ശുശ്രൂഷകൾ. സന്യാസി

നിമാർ തന്നെ ദൈവദാസിയുടെ ശരീരാവശിഷ്ടങ്ങൾ അടക്കം ചെയ്ത് മുദ്രവെച്ച സ്റ്റീൽ പേടകം ചുമന്ന് ചാപ്പലിലേക്ക് നടന്നു നീങ്ങി. ചാപ്പലിൽ പ്രധാന അൾത്താരക്കുമുമ്പിൽ മദ്ധ്യഭാഗത്തായി പ്രത്യേകം സജ്ജീകരിച്ചിരുന്ന പുതിയ കല്ലറയിൽ സംസ്കരിക്കുന്നതിനായി കൊണ്ടുവന്നുവച്ചു. ശുശ്രൂഷാ കർമ്മങ്ങൾക്കുശേഷം ആ പുണ്യപേടകം പുതിയ കല്ലറയിൽ അടക്കം ചെയ്തു. അന്നു മുതലേ ആ കബറിടത്തിൽ ഇടവേളകൾ ഇല്ലാതെ തിരികൾ തെളിയുന്നു. പൂക്കൾ സുഗന്ധം പരത്തിക്കൊണ്ടിരിക്കുന്നു. ആരാലും അറിയപ്പെടാതെ ജീവിക്കാനാഗ്രഹിച്ചവൾ, സകലരാലും വണങ്ങപ്പെട്ട് ആ കല്ലറയിൽ നിത്യവിശ്രമം കൊള്ളുന്നു. വിശ്വാസപൂർവ്വം പ്രാർത്ഥനാഞ്ജലികൾ അർപ്പിച്ച് കാതോർത്താൽ ആ കല്ലറയിൽ നിന്ന് അശരീരി ശബ്ദം കേൾക്കാം "മരിച്ചാലും മറക്കില്ലാട്ടൊ". 1991 ജൂൺ 19-ാം തിയ്യതി രൂപതാ കോടതിയുടെ സമാപനം മാർ ജോസഫ് കുണ്ടുകുളത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ തൃശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. തൊട്ട് പിറ്റേ ദിവസം തന്നെ ദൈവദാസി എവുപ്രാസ്യമ്മയെപ്പറ്റിയുള്ള ഔദ്യോഗിക രേഖകളെല്ലാം റോമിലേക്ക് അയച്ചു.

## നിർണ്ണായകമായ മറ്റൊരത്ഭുതം കൂടി

തൃശ്ശൂർ ജൂബിലി മിഷ്യനാശുപത്രിയിൽ സേവനമനുഷ്ടിച്ചുവരുന്ന ഡോ. രാജീവ് റാവുവിന്റെ നിരീക്ഷണത്തിലും ചികിത്സയിലുമായിരുന്ന തോമസ് തരകനെ ബാധിച്ചിരിക്കുന്നത് ബോൺ കാൻസർ രോഗമാണെന്നു കണ്ടെത്തിയതിനെ തുടർന്ന് ഡോ. രാജീവ് റാവു തന്നെ മുൻകൈ എടുത്ത് ശ്രീ. തോമസിനെ കൂടുതൽ വിദഗ്ധ പരിശോധനകൾക്കായി തിരുവനന്തപുരം റീജിനൽ കാൻസർ സെന്ററിലേക്ക് അയച്ചിരുന്നു. തോമസ് തരകൻ വളരെ പെട്ടെന്നു തന്നെ തിരുവനന്തപുരത്തു പോയി പരിശോധനകളെല്ലാം കഴിച്ച് റിപ്പോർട്ടും കൊണ്ട് ജൂബിലി മിഷ്യനാശുപത്രിയിൽ വന്ന് ഡോ. രാജീവ് റാവുവിനെ കണ്ടു. റിപ്പോർട്ട് കാണിച്ചു. റിപ്പോർട്ടിൽ രോഗം കാൻസറാണെന്നും കാൻസർ ബാധിച്ചിട്ടുള്ള ഭാഗങ്ങൾ പെട്ടെന്ന് ഓപ്പറേഷൻ വഴി നീക്കിക്കളയണമെന്നും വ്യക്തമാക്കിയിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ. രാജീവ് റാവു താല്പര്യമെടുത്ത് തോമസിനെ 1997 ഡിസംബർ 3-ാം തിയ്യതി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഓപ്പറേഷൻ 5-ാം തിയ്യതി എന്ന് തീരുമാനിച്ചു പറയുകയും ചെയ്തു. ഓപ്പറേഷനുവേണ്ടിയുള്ള ഒരുക്കങ്ങൾക്കും ശുശ്രൂഷക്കുമായി എത്തിയിരുന്നത് തോമസിന്റെ സഹോദരി റോസി ആയിരുന്നു. സഹോദരി റോസി എവുപ്രാസ്യമ്മയുടെ

വിശ്വസ്തയായ ഒരു ഭക്ത കൂടിയായിരുന്നു. എവുപ്രാസ്യമ്മ ജീവിച്ചിരിക്കുമ്പോൾ എത്രയോ പ്രാവശ്യം ആശ്വാസത്തിനും പ്രാർത്ഥനാസഹായങ്ങൾക്കും വേണ്ടി ആ ഭക്ത ആ പുണ്യാത്മാവിന്റെ പക്കലേക്ക് ഓടിയെത്തിയിട്ടുണ്ട്. ആ ഭക്തയായ സഹോദരി തന്റെ സഹോദരനോട് ഇപ്രകാരം പറഞ്ഞുപോലും!. "ഞാൻ നിനക്കുവേണ്ടി എവുപ്രാസ്യമ്മയോട് എന്നും പ്രാർത്ഥിക്കുന്നുണ്ട്. അമ്മ അത് മാറ്റിത്തരും. ഓപ്പറേഷനൊന്നും വേണ്ടിവരില്ല." കൃത്യമായി ദർശനം കിട്ടിയ അനുഭവത്തിൽ നിന്ന് അടർന്നുവീണ മൊഴികളായിരുന്നു ആ സാന്ത്വനമെന്ന് പിന്നീട് തെളിയിക്കപ്പെട്ടു! ഓപ്പറേഷനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ ഒന്നൊന്നായി നടന്നു. സഹോദരി റോസി, ഈ ഒരുക്കങ്ങൾക്കിടയിലും മനംനൊന്ത് ഉള്ളുരുകി പ്രാർത്ഥിച്ചു. "നിന്നോട് പ്രാർത്ഥിക്കുന്നവരെ മരിച്ചാലും മറക്കാതെ സഹായിക്കുന്ന എവുപ്രാസ്യമ്മേ, എന്റെ സഹോദരനെ ഓപ്പറേഷൻ കൂടാതെ അത്ഭുതകരമായി സുഖപ്പെടുത്തണം". എവുപ്രാസ്യമ്മയോടുള്ള സ്നേഹവും സ്വാതന്ത്ര്യവും ഉപയോഗിച്ചുള്ള ഈ അപേക്ഷ സമർപ്പിക്കുമ്പോൾ റോസിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ആ ഭക്തയുടെ കരഞ്ഞു കലങ്ങിയ കണ്ണുകളിൽ നിന്ന് അടർന്നുവീണ കണ്ണീർ കണങ്ങൾ അമ്മക്ക് ഒപ്പിയെടുക്കാതിരിക്കുവാൻ പറ്റുമോ?

പിറ്റെ ദിവസം, അതായതു് ഓപ്പറേഷൻ നിശ്ചയിക്കപ്പെട്ട ദിനത്തിന്റെ തലേന്ന് ഡോ. രാജീവ് റാവു ഒരു പുതിയ സ്കാൻ കൂടി ചെയ്തു. ഓപ്പറേഷൻ വഴി നീക്കം ചെയ്യേണ്ട ഭാഗങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുവാനും അടയാളപ്പെടുത്തുവാനുമായിരുന്നു പ്രസ്തുത സ്കാൻ പരിശോധന. അമ്മയുടെ അത്ഭുതം പെയ്തിറങ്ങി. തോമസിന്റെ ശരീരത്തിൽ ഉണ്ടായിരുന്ന കാൻസർ സ്കാനിൽ കാണുന്നില്ല. മാത്രമല്ല എല്ലുകൾക്ക് ഒരു കേടുമില്ല. ഡോക്ടർ തനിക്കുതന്നെയും ഒരു ഉറപ്പു ലഭിക്കുന്നതിനു വേണ്ടി, കാൻസർ അടയാളപ്പെടുത്തി കിട്ടിയ മുമ്പത്തെ സ്കാൻ വാങ്ങി സൂക്ഷ്മപരിശോധന നടത്തി. മുൻ സ്കാനിൽ, കാൻസർ ബാധിച്ചതായി കാണിച്ചിട്ടുള്ള ശരീരഭാഗങ്ങളിൽ ഒന്നിലും തന്നെ പുതിയ സ്കാനിൽ കാൻസർ കാണുന്നില്ല. പുതിയ സ്കാൻ പൂർണ്ണമായും നോർമൽ! ഒരു രോഗലക്ഷണവും എവിടേയും കാണുന്നില്ല; "ഇത് ഒരു അത്ഭുതമാണ്. ഇതുപോലെ ഒന്ന് എന്റെ പഠനത്തിലൊ, അനുഭവത്തിലൊ കണ്ടിട്ടില്ല. ഇത് ഒരു ദൈവിക ഇടപെടലാണ്", അദ്ദേഹം വിസ്മയത്തോടെ വിളിച്ചുപറഞ്ഞു. ഉടനെ അദ്ദേഹം രോഗിയായ തോമസിനോട് ഇപ്രകാരം പറഞ്ഞു. "തോമസ്, നിനക്ക് ഒരു രോഗവുമില്ല, ഓപ്പറേഷൻ വേണ്ട." "നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്ക് പോകുക

യെന്ന്" തളർവാത രോഗിയോട് യേശുനാഥൻ പറഞ്ഞപോലെ ഇവിടെ ഒരു സമസ്യ പൂർത്തിയാകുന്നു. പിറ്റേ ദിവസം ഓപ്പറേഷൻ നിശ്ചയിച്ചിരുന്ന സമയത്ത്, തോമസ് തന്റെ സഞ്ചിയുമെടുത്ത് വീട്ടിലേക്ക് പോയി. സഹോദരി റോസി തറപ്പിച്ചു പറഞ്ഞു, "ഇത് ഞാൻ പ്രാർത്ഥിച്ചിട്ട് എവുപ്രാസ്യമ്മയാണ് ചെയ്തത്. ദൈവത്തിന് സ്തുതി." റോസിയുടെ ഈ സാക്ഷ്യപ്രഖ്യാപനം നാലുപാടും പ്രസിദ്ധമായി.

ആ കാലയളവിൽ അതായത് 1992 മാർച്ച് 4-ാം തിയ്യതി മദർ ക്ലിയോപാട്രയുടെ പ്രൊവിൻഷ്യൽ സ്ഥാനം ഒഴിഞ്ഞപ്പോൾ ക്ലിയോപാട്രമ്മയും വിത്തുവട്ടിക്കലച്ചന്റെ സഹായിയായി വൈസ് പോസ്റ്റുലേറ്ററായി ചാർജ്ജ് എടുത്തിരുന്നു. തോമസിന് എവുപ്രാസ്യമ്മ വഴി ലഭിച്ച അത്ഭുതകരമായ രോഗവിമുക്തി അറിയുമ്പോൾ ക്ലിയോപാട്രമ്മ 1997 ഡിസംബർ 3-ാം തിയ്യതി ജനറൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട് ആലുവായിൽ ജനറലേറ്റിൽ ഉണ്ടായിരുന്നു. രോഗവിമുക്തി അറിഞ്ഞ ഉടനെ തൃശ്ശൂർ വന്ന് തോമസിനെ കണ്ടു. വൈസ് പോസ്റ്റുലേറ്റർ വെറുതെ ഇരുന്നില്ല. തോമസിന്റെ കാൻസർ രോഗവിമുക്തി എവുപ്രാസ്യമ്മയുടെ നാമകരണ നടപടികളിലെ സുപ്രാധന നാഴികക്കല്ലായി തീരുമെന്ന് മനസ്സിലുറപ്പിച്ച ക്ലിയോപാട്രമ്മ, ആവശ്യമായതും കുറ്റമറ്റതുമായ രേഖകൾ തയ്യാറാക്കുവാൻ ശ്രമിച്ചു തുടങ്ങി. ലൂക്കാസ് വിത്തുവട്ടിക്കലച്ചനും ക്ലിയോപാട്രമ്മയും കൂടി ആർച്ച് ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി പിതാവിനെ നേരിൽ കണ്ട് തോമസിന്റെ കാൻസർ രോഗവിമുക്തി വിശദമായി സംസാരിച്ചു. ഉടനെത്തന്നെ അപ്പസ്തോലിക് മിറക്കിൾ കോടതി സ്ഥാപിതമായി. അത് 1999 ജനുവരി 8-ാം തിയ്യതിയായിരുന്നു. ഫാ. റാഫേൽ തട്ടിൽ, ഫാ. ആൻഡ്രൂസ് താഴത്ത്, ഫാ. ഷാജു ഊക്കൻ, ഡോ. സണ്ണി പഴയാറ്റിൽ, ഡോ. സിസ്റ്റർ സെലസ്റ്റിൻ സി. എം. സി., സിസ്റ്റർ അനിജ സി. എം. സി. എന്നിവർ മിറക്കിൾ കോടതി അംഗങ്ങളായി നിയമിതരായി. തൂങ്കുഴി പിതാവിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് അംഗങ്ങൾ എല്ലാവരും ചുമതലയേറ്റു.

ഒല്ലൂർ സെന്റ് മേരീസ് മഠം ഒരു പ്രാർത്ഥനാ കേന്ദ്രവും ആരാധനാ കേന്ദ്രവുമായി മാറുകയായിരുന്നു. 1999 ജനുവരി 10-ാം തിയ്യതി മഠം ചാപ്പലിൽ അഖണ്ഡജപമാല യജ്ഞം ആരംഭിച്ചു. 2000 മേയ് 24-ാം തിയ്യതി കോൺവെന്റിന്റേയും എവുപ്രാസ്യമ്മയുടെ വ്രതവാഗ്ദാനത്തിന്റേയും ശതാബ്ദി ആഘോഷ പരിപാടികൾ – നൂറുകളുടെ നിറവ്, നിറപ്പകിട്ടാർന്ന പരിപാടികളോടെ തന്നെ ആഘോഷിച്ചു.

മഠം ചാപ്പലിലെ തിരുസക്രാരിയുടെ മുമ്പിലിരുന്ന് ദിവ്യകാരുണ്യ നാഥനോട് അനുഗ്രഹങ്ങൾ യാചിക്കുവാനും സ്തുതി ഗീതങ്ങൾ അർപ്പിക്കുവാനും 2002 മെയ് 1-ാം തിയ്യതി മുതൽ ദിവ്യകാരുണ്യ സന്നിധി, ഒരു പ്രാർത്ഥനാവേദിയായി തുറക്കപ്പെട്ടു. ചാപ്പലിൽ അന്നുമുതൽ നിത്യാരാധന നടന്നു വരുന്നു. പ്രാർത്ഥിക്കുന്ന അമ്മയും സക്രാരിയുടെ കാവൽക്കാരിയുമായിരുന്ന എവുപ്രാസ്യമ്മക്ക് ഒല്ലൂർ മഠം ചാപ്പലിൽ തന്നെ സ്മാരകങ്ങളുയർന്നു.

## ധന്യ പദവിയിൽ

എവുപ്രാസ്യമ്മയുടെ വിശുദ്ധ പദവിയിലേക്കുള്ള പ്രാർത്ഥനാപൂർവ്വമുള്ള പ്രയാണം തുടരുകയായിരുന്നു. ആരും പ്രതീക്ഷിച്ചിട്ടില്ലാത്ത പെട്ടെന്നൊരു അവസരത്തിൽ ഒരു സന്തോഷവാർത്ത! ദൈവദാസി എവുപ്രാസ്യമ്മയെ ധന്യ പദവിയിലേക്ക് ഉയർത്തുന്നു. വിവരമറിഞ്ഞ മാധ്യമപ്രവർത്തകരും നാട്ടുകാരും മറ്റു മഠങ്ങളിൽനിന്നുള്ള സഹോദരിമാരും ഓടിയെത്തി. എവുപ്രാസ്യമ്മയുടെ വീരോചിതമായ സുകൃതങ്ങളെ തിരുസഭ അംഗീകരിച്ചു നൽകുന്ന ഒരു പദവിയാണ് 'ധന്യ' എന്ന പദവി. 2002 മെയ് 3-ാം തിയ്യതി ദൈവദാസിയുടെ വീരോചിതമായ സുകൃതങ്ങളെക്കുറിച്ചുള്ള റോമിലെ ദൈവശാസ്ത്രജ്ഞമാരുടെ അംഗീകാരവും ജൂലായ് 4-ാം തിയ്യതി ഈ സുകൃതിനിയെ കുറിച്ചുള്ള കർദ്ദിനാൾ സംഘത്തിന്റെ അംഗീകാരവും ലഭിച്ചതിനുശേഷം 2002 ജൂലായ് 5-ാം തിയ്യതി റോമിൽ വച്ചു തന്നെ് ദൈവദാസി എവുപ്രാസ്യമ്മയെ ജോൺ പോൾ രണ്ടാമൻ പാപ്പ ധന്യപദവിയിലേക്കുയർത്തി പ്രഖ്യാപനം നടത്തി. ഇനി വാഴ്ത്തപ്പെട്ടവൾ എന്നും പിന്നീട് വിശുദ്ധ പദവിയുമാണ് ലഭിക്കുക. ധന്യ പദവിയുടെ പ്രഖ്യാപനം തന്നെ സി. എം. സി. സഹോദരികൾക്ക് ഒരു കുളിർ കാറ്റായി അനുഭവപ്പെട്ടു. ആ കാറ്റിന് പരിശുദ്ധിയുടെ പരിമളം ഉണ്ടായിരുന്നു. ആഹ്ളാദാരവങ്ങൾ മാറ്റൊലികൊണ്ടു. നന്ദിയും സ്തുതിയും സ്വർഗ്ഗപിതാവിലേക്ക് ഉയർന്നു. ദൈവദാസിയുടെ മാതൃകയും അമ്മയുമായിരുന്ന ജപമാല രാജ്ഞിയോടുള്ള നന്ദി അറിയിക്കുവാനും സഹോദരിമാർ മറന്നില്ല. ആയിരക്കണക്കിന് വിശ്വാസികളാണ് ധന്യ പദവി പ്രഖ്യാപന തിരുക്കർമ്മങ്ങളിൽ പങ്കെടുത്തത്. തുടർന്ന് ആഗസ്റ്റ് 29-ാം തിയ്യതി ധന്യയായ എവുപ്രാസ്യമ്മയുടെ ചരമസുവർണ്ണജൂബിലിയും ഒക്ടോബർ 17-ന് ജന്മപഞ്ചരജത ജൂബിലിയും ആഘോഷിക്കുകയുണ്ടായി.

# വാഴ്ത്തപ്പെട്ടവൾ

## XIII

**ദൈ**വദാസിയെ ധന്യപദവിയിലേക്കുയർത്തിയതിനുശേഷം, വത്തിക്കാനിലെ ദൈവശാസ്ത്രജ്ഞന്മാരും ഡോക്ടർമാരും കർദ്ദിനാൾ സംഘവും എവുപ്രാസ്യമ്മയുടേതായി അവരുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ട തോമസ് തരകന്റെ കാൻസർ മുക്തി എന്ന അത്ഭുതരോഗവിമുക്തിമേലുള്ള പഠനവും പരിശോധനകളും ഗവേഷണങ്ങളും തുടർന്നുകൊണ്ടിരുന്നു. അത്ഭുതകരമായ രോഗസൗഖ്യത്തെക്കുറിച്ച് നീണ്ട ചർച്ചകൾ നടന്നു. അഞ്ചാറുവർഷത്തോളം നീണ്ടു നിന്ന ഗവേഷണം എത്തിച്ചേർന്നത് തോമസ് തരകന്റെ കാൻസർ മുക്തി, തീർത്തും ഒരത്ഭുതമാണെന്നും അത് ധന്യയായ എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥത്താലാണ് സംഭവിച്ചതെന്നും ബന്ധപ്പെട്ട അധികാരികൾ വിധി എഴുതി. അതേ തുടർന്ന് നടപടി ക്രമമനുസരിച്ച് 2006 ജൂൺ 26-ാം തിയ്യതി പരിശുദ്ധ പിതാവ് മാർ ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ അത്ഭുതത്തിന് സ്ഥിരീകരണം നല്കി. ലോകമെമ്പാടും ഈ സ്ഥിരീകരണവാർത്ത പ്രസിദ്ധീകരിക്കപ്പെട്ടു. ക്രൂശിതനെ സ്നേഹിച്ചും ക്രൂശിതന്റെ സഹനങ്ങളും പീഡനങ്ങളും ഏറ്റെടുത്തും ക്രൂശിത ഹിതം നിറവേറ്റിയും ജീവിച്ച ക്രൂശിതന്റെ മണവാട്ടി - എവുപ്രാസ്യമ്മ അൾത്താരയിലേക്ക് ഉയർത്തപ്പെട്ടു. സി. എം. സി. സഭയിലെ ആദ്യ വിശുദ്ധ പദവിയിലേക്കുള്ള വാഴ്ത്തപ്പെട്ടവളായി എവുപ്രാസ്യമ്മ സകലരാലും വണങ്ങപ്പെടുന്നു.


ഒല്ലൂരിന്റെ സ്വന്തം പുണ്യ പുത്രിയുടെ 'വാഴ്ത്തപ്പെട്ടവൾ' എന്ന വിശുദ്ധ പദവി പ്രഖ്യാപനം നടന്നതും ഒല്ലൂരിന്റെ മണ്ണ് പവിത്രമാക്കപ്പെട്ടതും 2006 ഡിസംബർ 3-ാം തിയ്യതിയായിരുന്നു. ആ ചരിത്ര നിമിഷത്തിന്റെ സ്വർഗ്ഗീയ വികാരവായ്പുകൾ വർണ്ണനാതീതമായിരുന്നു.

ഒല്ലൂർ ഫൊറോന പള്ളിയുടെ തൊട്ടുള്ള വിശാലമായ ഗ്രൗണ്ട് മൈതാനത്തിലാണ് വേദി സജ്ജീകരിച്ചത്. പതിനായിരം പേർക്കുള്ള ഇരിപ്പട സൌകര്യമാണ് വലിയ പന്തലിൽ ഒരുക്കിയത്. തിരുക്കർമ്മങ്ങൾക്ക് വേണ്ടി അതിമനോഹരമായി രൂപകല്പന ചെയ്ത് സജ്ജീകരിച്ച പ്രധാനവേദിയിൽ അത്യാകർഷകമായ രീതിയിലുള്ള അൾത്താരയും സജ്ജീകൃതമായി.

പുലരിപ്പെരുമയിൽ സൂര്യതേജസ് പ്രഭാപൂരം ചൊരിഞ്ഞു തുടങ്ങിയപ്പോൾ മുതൽ ഒല്ലൂരിലേക്ക് ജനം ഒഴുകിയെത്തി തുടങ്ങി. മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, രാഷ്ട്രീയ സാമൂഹ്യ രംഗത്തെ നേതാക്കന്മാർ, നൂറു കണക്കിന് വൈദികർ, ആയിരക്കണക്കിന് സന്യാസിനികൾ, പതിനായിരകണക്കിന് ദൈവജനം മറ്റു ജാതിയിലും മതത്തിലും പെട്ടവർ – എല്ലാവരും തന്നെ 'എവുപ്രാസ്യമ്മ നഗറിലെ' വലിയ പന്തലിൽ സ്ഥലം പിടിച്ചു. ദൈവാലയ മണികൾ മുഴങ്ങി, ഗായകസംഘം കീർത്തനങ്ങൾ ആലപിച്ചു, അൾത്താരയിൽ പൂക്കൂടകൾ വർണ്ണരാജികൾ വിതറി, സുഗന്ധം പരത്തി, ധൂമ കലശങ്ങളിൽ നിന്ന് ഹവിസ് ഉയർന്നു, പ്രാർത്ഥനാമന്ത്രണങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നു. വാഴ്ത്തപ്പെട്ടവരുടെ വിശുദ്ധ പദവിയിലേക്ക് എവുപ്രാസ്യമ്മ ഉയർത്തപ്പെടുന്ന വിശുദ്ധ ദിനത്തിലെ വെള്ളി വെളിച്ചം അന്തരീക്ഷത്തെ അലങ്കരിച്ചു.

ആഗോള കത്തോലിക്കാ സഭയുടെ അൾത്താരയിലേക്ക് ഒല്ലൂരിന്റെ സ്വന്തം പുണ്യപുത്രി, വാഴ്ത്തപ്പെട്ടവളായി പ്രതിഷ്ഠിക്കപ്പെടുന്ന ദിവ്യമുഹൂർത്തം. കത്തോലിക്കാ വിശ്വാസി സമൂഹം ഒന്നടങ്കം കാതോർത്ത് കാത്തിരുന്ന അലൗകീക നിമിഷങ്ങളായിരുന്നു അനുഭവവേദ്യമായത്. ലോകം മുഴുവൻ സമാശ്ലേഷിക്കുന്ന അതിരുകളില്ലാത്ത ദൈവ സ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പര്യായമായിത്തീർന്ന് സേവനത്തിന്റെയും പ്രാർത്ഥനയുടെയും വിശുദ്ധ കൂടാരത്തിൽ ജീവിച്ച് മരിച്ച ധന്യകന്യക വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടുന്നത് കണ്ണും കാതും കൂർപ്പിച്ച് സകലരും കാത്തിരിക്കുകയായിരുന്നു, ആ പ്രഖ്യാപനത്തിന് സാക്ഷ്യമാകാൻ. ആഘോഷമായ ദിവ്യബലിക്കുശേഷം ആർച്ച് ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴിയുടെയും പേപ്പൽ നുൺസിയോ മാർ പെട്രോ ലോപ്പസ് ക്വിന്റാനയുടെയും മദ്ധ്യത്തിൽ നിന്നു കൊണ്ട് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാമാൻ മാർപ്പാപ്പയുടെ അപ്പസ്തോലിക ലേഖനം വായിച്ച് സീറോ മലബാർ സഭയുടെ മേലദ്ധ്യക്ഷനായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, ധന്യയായ എവുപ്രാസ്യമ്മയെ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്കുയർത്തി.

എല്ലാ അധരങ്ങളിലും നിന്ന് ആനന്ദാഹ്ളാദ പ്രകടനം ഒരു പ്രവാഹം പോലെ അന്തരീക്ഷത്തിലേക്ക് ഉയർന്നുപൊങ്ങി. ഹല്ലേലൂയ പാടി ദൈവമഹത്വത്തെ സ്തുതിച്ചു. പൊതു സമ്മേളനവും കഴിഞ്ഞ് വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട്, ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിലേക്ക് ഭക്ത്യാദരപൂർവ്വമുള്ള പ്രദക്ഷി



എവുപ്രാസ്യമ്മയുടെ വീരോചിത സുകൃതങ്ങൾ പരിശോധിക്കുന്നതിന് നിയുക്തമായ രൂപതാക്കോടതി അംഗങ്ങൾ



ആദ്യത്തെ കല്ലറ തുറന്ന്, എവുപ്രാസ്യമ്മയുടെ ഭൗതികാവശിഷ്ടം പേടകത്തിലാക്കി സംസ്കരിക്കാൻ സിസ്റ്റേഴ്സ് ദൈവാലയത്തിലേക്ക് കൊണ്ടുപോകുന്നു




വാഴ്ത്തപ്പെട്ട എവുപ്രാസ്യയുടെ കബറിടം
ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ് ചാപ്പലിൽ




‘വാഴ്ത്തപ്പെട്ട’ എവുപ്രാസ്യ - പ്രഖ്യാപനവേദി



വാഴ്ത്തപ്പെട്ട എവുപ്രാസ്യയുടെ തിരുസ്വരൂപം
ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിലേക്ക്



കാട്ടൂരിൽ വാഴ്ത്തപ്പെട്ട എവുപ്രാസ്യയുടെ
ജന്മസ്ഥലത്ത് പുതുതായി സ്ഥാപിച്ചിട്ടുള്ള കപ്പേള

ണവും ഉണ്ടായിരുന്നു. എവുപ്രാസ്യമ്മയുടെ തിരുസ്വരൂപം പരസ്യമായി എഴുന്നള്ളിച്ച് പോകുന്ന ഒല്ലൂരിന്റെ രാജവീഥികൾ കൊടിതോരണങ്ങളും പൂക്കൂടകളും കൊണ്ട് അലങ്കരിച്ചിരുന്നു. പൊൻവെള്ളി കുരിശുകളും പട്ടുകുടകളും ബാന്റ് മേളവും അകമ്പടിയായിട്ടു നടന്നു നീങ്ങിയ ഭക്തിസാന്ദ്രമായ പ്രദക്ഷിണത്തിൽ ആയിരക്കണക്കിന് നാട്ടുകാരും വിശ്വാസികളും പ്രാർത്ഥനാ ജപങ്ങളുമായി പങ്കെടുത്തു. പ്രദക്ഷിണം മഠം ചാപ്പലിൽ എത്തിയതിനുശേഷം വാഴ്ത്തപ്പെട്ട അമ്മയുടെ തിരുസ്വരൂപം അൾത്താരയിൽ പ്രതിഷ്ഠിച്ചു. ഇതോടൊപ്പം ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളിയിലെ പ്രത്യേകം സജ്ജീകരിച്ചവേദിയിലും എവുപ്രാസ്യമ്മയുടെ സ്വരൂപം പ്രതിഷ്ഠിക്കുകയുണ്ടായി.. എവുപ്രാസ്യമ്മയുടെ ജന്മംകൊണ്ട് പവിത്രമാക്കപ്പെട്ട കാട്ടൂർ പള്ളിയിലേക്കും, ജ്ഞാനസ്നാനം സ്വീകരിച്ച എടത്തിരുത്തി ദൈവാലയത്തിലേക്കും അമ്മ വീടായ അരണാട്ടുകര പള്ളിയിലേക്കും തിരുസ്വരൂപവും തിരുശേഷിപ്പും വഹിച്ചു പ്രദിക്ഷണങ്ങൾ നീങ്ങി. കാട്ടൂരിലെ കുടുംബ വീടും പുരയിടവും സാമ്പത്തിക പരാധീനതകൊണ്ട് കൈമറഞ്ഞു പോയിരുന്നു. ആ ഗ്രാമീണ കന്യക, വാഴ്ത്തപ്പെട്ടവളായി ഉയർത്തപ്പെട്ടതിനുശേഷം, സി. എം. സി. ഇരിങ്ങാലക്കുട പ്രൊവിൻസ് അധികാരികൾ പ്രസ്തുത പുണ്യഭൂമി, തിരിച്ചു വാങ്ങി ചുറ്റും മതിൽ തീർത്ത് ഒരു കപ്പേളയും പണി ചെയ്ത്, തങ്ങളുടെ പുണ്യപ്പെട്ട സഹോദരിയുടെ, വാഴ്ത്തപ്പെട്ട എവുപ്രാസ്യയുടെ രൂപം പ്രതിഷ്ഠിച്ചിട്ടുള്ളത് ഏറെ സന്തോഷകരമാണ്; അഭിമാനകരവുമാണ്!

'മരിച്ചാലും മറക്കില്ലാട്ടോ' എന്ന വാഗ്ദാനം പാലിച്ചുകൊണ്ട് വാഴ്ത്തപ്പെട്ടവളായി അൾത്താരയിൽ പ്രതിഷ്ഠിക്കപ്പെട്ട എവുപ്രാസ്യമ്മ അനുഗ്രഹങ്ങളും അത്ഭുതങ്ങളും വർഷിച്ചുകൊണ്ടിരിക്കുന്നു. ചാപ്പലിലെ കബറിടത്തിൽ മുട്ടുകൾ മടക്കി പ്രാർത്ഥനാനിരതരായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവർ നിരവധിയാണ്. ദുഃഖദുരിതങ്ങളും രോഗക്ലേശങ്ങളും കുടുംബത്തകർച്ചകളും മാനസിക പിരിമുറുക്കങ്ങളും അമ്മക്ക് സമർപ്പിച്ച് മാദ്ധ്യസ്ഥ്യം യാചിക്കുന്നവരും ഉണ്ട്. വിശ്വസ്തരായ ഭക്തരുടെ യാചനകൾക്കും പ്രാർത്ഥനകൾക്കും നിയോഗങ്ങൾ നിവർത്തിച്ചു കൊടുത്തുകൊണ്ടു തന്നെ അമ്മ പ്രത്യുത്തരം നല്കിക്കൊണ്ടിരിക്കുന്നു. കർത്താവിന്റെ ശക്തി, കർത്താവിന്റെ മണവാട്ടിയിലൂടെ ഒരു നീർച്ചാലു പോലെ ഒഴുകിക്കൊണ്ടിരിക്കുന്നു.

ദൈവം തന്റെ ഇഷ്ടപുത്രിയെ വൈകാതെ വിശുദ്ധയായി ഉയർത്തട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.